بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ

# Khutba Khulasa 21.08.2020 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

***യു.കെ ഇസ്‌ലാമാബാദിലെ മുബാറക്ക് മോസ്കിൽ നിർവഹിച്ച ജുമുഅ ഖുത്വ്ബയുടെ സംഗ്രഹം***

## നബി(സ)തിരുമേനിയുടെ ബദരീ സ്വഹാബി ഹദ്റത്ത് സുബൈറുബ്നു അവാം(റ)ന്റെ സ്തുത്യർഹമായ ഗുണവിശേഷങ്ങളുടെ വിശ്വാസദീപ്തമായ വിവരണങ്ങൾ.

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَ اَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَ رَسُوْلُهٗ اَمَّا بَعْدُ

فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ۔ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ۔

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ۝ اَلرَّحْمٰنِ الرَّحِيْمِ ۝ مٰلِكِ يَوْمِ الدِّيْنِ ۝ اِيَّاكَ نَعْبُدُ وَ اِيَّاكَ نَسْتَعِيْنُ ۝

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۝ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ۝

തശഹ്ഹുദും തഅവ്വുദും സൂറഃഫാത്തിഹയും ഓതിയതിനു ശേഷം ഹുസൂർ പറഞ്ഞു;

ഇന്ന് വിവരിക്കുവാൻ പോകുന്ന സ്വഹാബിയുടെ പേര് ഹദ്റത്ത് സുബൈറുബ്നു അവാം എന്നാണ്. ഹദ്റത്ത് സുബൈറിന്റെ പിതാവിന്റെ പേര് അവാം ബിൻ ഖുവൈലദ് എന്നും മാതാവിന്റെ പേര് സഫിയ ബിൻത് അബ്ദുൽ മുത്വലിബ് എന്നുമായിരുന്നു. അവർ നബി(സ)തിരുമേനിയുടെ പിതൃ സഹോദരിയായിരുന്നു. നബി(സ)തിരുമേനിയുടെ പത്നിയായ ഹദ്റത്ത് ഖദീജ(റ)യുടെ സഹോദര പുത്രനായിരുന്നു അദ്ദേഹം. ഹദ്റത്ത് അബൂബക്കർ സിദ്ദീഖ്(റ)ന്റെ മകളായ ഹദ്റത്ത് അസ്മയെയാണ് അദ്ദേഹം വിവാഹം ചെയ്തത്. അത്തരത്തിൽ ഹദ്റത്ത് സുബൈർ(റ) നബി(സ)തിരുമേനിയുടെ ഭാര്യാസഹോദരിയുടെ ഭർത്താവ് ആയിരുന്നു. ഹദ്റത്ത് അബൂബക്കർ(റ)നു ശേഷം ഹദ്ത്ത് സൂബൈർ(റ) ഇസ്‌ലാം സ്വീകരിച്ചു. ഇസ്‌ലാം സ്വീകരിക്കുന്നവരിൽ അദ്ദേഹം നാലാമനോ അഞ്ചാമനോ ആയിരുന്നു. ഇസ്‌ലാം സ്വീകരിക്കുമ്പോൾ അദ്ദേഹത്തിന് പന്ത്രണ്ട് വയസ്സായിരുന്നു. വിവിധ നിവേദനങ്ങളിൽ അപ്പോൾ അദ്ദേഹത്തിന്റെ വയസ്സ് എട്ടെന്നും പതിനാറെന്നും പറയപ്പെടുന്നുണ്ട്. നബി(സ) തിരുമേനി പത്ത് സൗഭാഗ്യവാന്മാരായ സ്വഹാബാക്കൾക്ക് അവരുടെ ജീവിതത്തിൽ തന്നെ സ്വർഗ്ഗത്തെക്കുറിച്ചു സുവാർത്ത നൽകിയിരുന്നു.അക്കൂട്ടത്തിൽ അദ്ദേഹവും ഉൾപ്പെട്ടിരുന്നു. കൂടാതെ ഹദ്റത്ത് ഉമർ(റ) തന്റെ വഫാത്തിനു മുൻപായി അടുത്ത ഖലീഫയെ തെരെഞ്ഞെടുക്കുവാനായി നാമനിർദ്ദേശം ചെയ്ത ആറ് ശൂറാ സ്വഹാബികളിൽ ഒരാളായിരുന്നു അദ്ദേഹം.

ഹദ്റത്ത് സുബൈർ ഇസ്‌ലാം സ്വീകരിച്ചപ്പോൾ ഇസ്‌ലാം ഉപേക്ഷിച്ച് കുഫ്ർ അഥവാ സത്യനിഷേധത്തിലേക്ക് പിന്തിരിപ്പിക്കുന്നതിനായി അദ്ദേഹത്തിന്റെ പിതൃസഹോദരൻ അദ്ദേഹത്തെ ഒരു പായയിൽ ചുരുട്ടിയിട്ട് പുകയിക്കുമായിരുന്നു. എന്നാൽ അദ്ദേഹം ഒരിക്കലും കുഫ്റിലേക്ക് തിരിച്ചുവരികയില്ല എന്നുതന്നെ പറഞ്ഞുകൊണ്ടിരുന്നു.

ഹബ്ശയിലേക്കുള്ള രണ്ടു ഹിജ്റത്തുകളിലും ഹദ്റത്ത് സുബൈർ(റ) പങ്കെടുത്തു. മദീനയിലേക്ക് ഹിജ്റത്ത് ചെയ്ത് എത്തിയപ്പോൾ അദ്ദേഹം മുൻദിർ ബിൻ മുഹമ്മദിന്റെ അടുത്താണ് താമസിച്ചത്. ഹദ്റത്ത് സുബൈറുബ്നു അവാം(റ)ന്റെ ഭാര്യയായിരുന്ന ഹദ്റത്ത് അസ്മ(റ)നിവേദനം ചെയ്യുന്നു; മക്കയിൽ നിന്നും ഹിജ്റത്ത്പുറപ്പെടുമ്പോൾ ഞാൻ ഗർഭിണിയായിരുന്നു. ഞാൻ ഖുബായിൽ തങ്ങി. അബ്ദുല്ലാഹിബ്നു സുബൈർ അവിടെയാണ് പിറന്നത്. ഞാൻ അവനെയും കൊണ്ട് നബി(സ)തിരുമേനിയുടെ അടുക്കലെത്തി. നബി(സ) കുട്ടിയെ മടിയിൽ വച്ചു എന്നിട്ട് കുട്ടിയുടെ വായിൽ സ്വന്തം ഉമിനീർ പുരട്ടി. കുട്ടിയുടെ വയറ്റിലേക്ക് ആദ്യമായി ഇറങ്ങുന്നത് നബി(സ)തിരുമേനിയുടെ പുണ്യമായ ഉമിനീർ ആയിരുന്നു. തുടർന്ന്നബി(സ)കാരക്ക ചവച്ചരച്ച് കുട്ടിയുടെ വായിൽ വച്ചുകൊടുത്തു. കുട്ടിക്കുവേണ്ടി അനുഗ്രഹത്തിനായി ദുആ ചെയ്തു. മുസ്‌ലിമായി ജനിച്ച ആദ്യത്തെ കുട്ടിയായിരുന്നു അത്. ഹദ്റത്ത് സുബൈർ(റ)തന്റെ മക്കൾക്ക് ശുഹദാക്കളുടെ പേരാണ് വച്ചിരുന്നത്. അല്ലാഹു അവർക്ക് ശഹാദത്ത് പദവി നൽകിയെങ്കിലോ എന്നു കരുതിയാണത്.

ഹദ്റത്ത് സഈദുബ്നു മുസയ്യിബിൽ നിന്ന് നിവേദനം, അല്ലാഹുവിന്റ മാർഗ്ഗത്തിൽ ഉറയിൽ നിന്നും വാൾ ഊരിയ ആദ്യത്തെ വ്യക്തിയായിരുന്നു ഹദ്റത്ത് സുബൈറുബിൻ അവാം. ഒരിക്കൽ ഹദ്റത്ത് സുബൈർ(റ) എവിടെ നിന്നോ നബി(സ)തിരുമേനി വധിക്കപ്പെട്ടിരിക്കുന്നു എന്ന ശബ്ദം കേൾക്കാനിടയായി. ഉടനെ അദ്ദേഹം വാളുമായി പുറപ്പെട്ടു. വഴിക്കുവച്ച് നബി(സ)തിരുമേനി അദ്ദേഹത്തെ കണ്ടു, നിൽക്കൂ സുബൈർ എന്താണു കാര്യം എന്നു ചോദിച്ചു, അദ്ദേഹം പറഞ്ഞു; താങ്കൾ ശഹീദാക്കപ്പെട്ടിരിക്കുന്നു എന്ന ഒരു ശബ്ദം ഞാൻ കേൾക്കുകയുണ്ടായി. നബി(സ)ചോദിച്ചു; ഇനി അഥവാ എന്നെ ശഹീദാക്കിയിട്ടുണ്ടെങ്കിൽത്തന്നെ നീയെന്തു ചെയ്യുമായിരുന്നു. അപ്പോൾ അദ്ദേഹം പറഞ്ഞു; അല്ലാഹുവിനെ കൊണ്ട് സത്യം! ഞാൻ മക്കയിലെ മു

ഴുവൻ ആളുകളെയും വധിക്കുവാൻ തുനിഞ്ഞതായിരുന്നു. നബി(സ)തിരുമേനി അപ്പോൾത്തന്നെ അദ്ദേഹത്തിനു വേണ്ടി പ്രത്യേകം ദുആ ചെയ്തു. നബി(സ)തിരുമേനി അദ്ദേഹത്തിന്റെ വാളിനു വേണ്ടിയും ദുആ ചെയ്തു എന്ന് ഒരു നിവേദനത്തിലുണ്ട്.

ഹദ്റത്ത് സുബൈർ(റ) ബദർ, ഉഹദ് തുടങ്ങി മറ്റെല്ലാ യുദ്ധങ്ങളിലും നബി(സ)തിരുമേനിയോടൊപ്പം പങ്കെടുത്തു. അദ്ദേഹം ഉഹദു യുദ്ധത്തിൽ നബി(സ)തിരുമേനിയുടെ കൂടെ അടിയുറച്ചു നിന്നു. മരിക്കാൻ തയ്യാറാണെന്ന കാര്യത്തിൽ പ്രതിജ്ഞ ചെയ്തു. മക്കാവിജയ സമയത്ത് മുഹാജിറുകളുടെ മൂന്നു പതാകകളിൽ ഒരു പതാക ഹദ്റത്ത് സുബൈറിന്റെ കയ്യിലായിരുന്നു. ബദറിന്റെ ദിവസം നബി(സ)തിരുമേനിയുടെ കൂടെ രണ്ടു കുതിരകൾ മാത്രമാണ് ഉണ്ടായിരുന്നത്. അതിലൊന്നിൽ ഹദ്റത്ത് സുബൈർ ആണ് യാത്രചെയ്തിരുന്നത്. ബദർ യുദ്ധത്തിൽ അദ്ദേഹം മഞ്ഞ തലപ്പാവാണ് ധരിച്ചിരുന്നത്. അതുകണ്ട്കൊണ്ട് നബി(സ)തിരുമേനി പറഞ്ഞു, മലക്കുകൾ സുബൈറിന്റെ വേഷത്തിൽ ഇറങ്ങിയിരിക്കുകയാണ്. അതായത് അല്ലാഹു സഹായത്തിനായി അയച്ച മലക്കുകളും അതേപോലെയുള്ള തലപ്പാവ് ധരിച്ച നിലയിലാണ് യുദ്ധം ചെയ്തുകൊണ്ടിരുന്നത്.

ഹദ്റത്ത് സുബൈർ(റ) പറയുമായിരുന്നു; ബദർ യുദ്ധത്തിൽ ഉബൈദാ ബിൻ സഈദുമായി ഏറ്റുമുട്ടൽ നടന്നു. ശരീരം മുഴുവൻ ആയുധ ധാരിയായനിലയിലായരുന്നു അയാൾ. കണ്ണുകൾ മാത്രമേ കാണാനുണ്ടായിരുന്നുള്ളൂ. അദ്ദേഹത്തിന്റെ വിളിപ്പേര് അബൂദാത്തുൽഖുറൈശ് എന്നായിരുന്നു. അയാൾ പറഞ്ഞു; ഞാൻ ദാത്തുൽഖുറൈശാണ് എന്നയാൾ പറഞ്ഞു. ഇതുകേട്ടയുടനെ ഞാൻ പടക്കുന്തം കൊണ്ട് ആക്രമിച്ചു. കണ്ണിനു മുറിവേറ്റ അയാൾ അവിടെതന്നെ മരണമടമഞ്ഞു. ഹദ്റത്ത് സുബൈർ പറയുമായിരുന്നു: ഞാൻ രണ്ടു കാലുകൾക്കൊണ്ട് ചവിട്ടിപ്പിടിച്ച് മുഴുവൻ ശക്തിയുമുപയോഗിച്ച് വളരെ പ്രയാസപ്പെട്ടാണ് ആ കുന്തം വലിച്ചൂരിയത്. അപ്പോൾ അതിന്റെ രണ്ടഗ്രങ്ങളും വളഞ്ഞിരുന്നു. ഉർവ പറയുമായിരുന്നു; നബി(സ)തിരുമേനി ആ പടക്കുന്തം ഹദ്റത്ത് സുബൈർ(റ)ന്റെ കയ്യിൽ നിന്നും ആവശ്യപ്പെടുകയുണ്ടായി. അദ്ദേഹം നബി(സ)തിരുമേനിക്ക് അത് നൽകി. നബി(സ)തിരുമേനി വഫാത്തായപ്പോൾ ഹദ്റത്ത് സുബൈർ അത് തിരിച്ചെടുത്തു. പിന്നീട് ഹദ്റത്ത് അബൂബക്കർ(റ)അത് ആവശ്യപ്പെട്ടു, ഹദ്റത്ത് സുബൈർ അത് അദ്ദേഹത്തിനു നൽകി. ഹദ്റത്ത് അബൂബക്കർ(റ) വഫാത്തായപ്പോൾ ഹദ്റത്ത് ഉമർ(റ) ആ കുന്തം ആവശ്യപ്പെട്ടു. അപ്പോൾ അത് അദ്ദേഹത്തിനു നൽകി. ഹദ്റത്ത് ഉമർ വഫാത്തായപ്പോൾ ഹദ്റത്ത് സുബൈർ അത് തിരിച്ചെടുത്തു. പിന്നീട് ഹദ്റത്ത് ഉസ്മാൻ(റ) അത് ആവശ്യപ്പെട്ടു. ഹദ്റത്ത് സുബൈർ അത് അദ്ദേഹത്തിനു നൽകി. ഹദ്റത്ത് ഉസ്മാൻ ശഹീദായപ്പോൾ അത് ഹദ്റത്ത് അലി(റ)യുടെ കുടുംബത്തിന് ലഭിച്ചു. ഹദ്റത്ത് അബ്ദുല്ലാഹിബ്നു സുബൈർ അത് അദ്ദേഹത്തിൽ നിന്നും വാങ്ങി. പിന്നീട് ഹദ്റത്ത് അബ്ദുല്ലാഹിബ്നു സുബൈർ ശഹീദാക്കപ്പെടുന്നതുവരെ അത് അദ്ദേഹത്തിന്റെ പക്കൽ തന്നെയായിരുന്നു ഉണ്ടായിരുന്നത്.

ഹദ്റത്ത് സുബൈറുബ്നു അവാം വിവരിക്കുന്നു; ഉഹദു യുദ്ധദിവസം നബി(സ)തിരുമേനി, എന്റെ മാതാപിതാക്കൾ നിങ്ങൾക്കു തെണ്ടമായിരിക്കട്ടെ എന്ന് എന്നോട് പറയുകയുണ്ടായി. ഹദ്റത്ത് ജാബിറുബ്നു അബ്ദുല്ലാഹ് നിവേദനം ചെയ്യുന്നു; ഖന്ദഖ് യുദ്ധത്തിന്റെ അവസരത്തിൽ നബി(സ)തിരുമേനി പറഞ്ഞു; എല്ലാ നബിമാർക്കും ഓരോ ഹവാരി(അനുചരൻ) ഉണ്ടാകും എന്റെ ഹവാരി സുബൈർ ആകുന്നു.

ഹുസൂർ പറഞ്ഞു; ഖൈബർ യുദ്ധത്തിൽ യഹൂദികളുടെ പ്രസിദ്ധനായ നേതാവ് മർഹബ്, മുഹമ്മദുബ്നു മസ്‌ലമയുടെ കൈകളാൽ വധിക്കപ്പെട്ടപ്പോൾ അയാളുടെ സഹോദരൻ യാസർ യുദ്ധമൈതാനത്തു വന്നുകൊണ്ട് എന്നോടേറ്റുമുട്ടാൻ ആരുണ്ട് എന്നു പറഞ്ഞ് മുദ്രാവാക്യമുയർത്തി. ഹദ്റത്ത് സുബൈർ അയാളോടേറ്റുമുട്ടാനായി മുന്നോട്ട് നീങ്ങി. ഹദ്റത്ത് സഫിയ നബി(സ)തിരുമേനിയോട് പറഞ്ഞു; യാ റസൂലല്ലാഹ്! ഇന്നെന്റെ മകന് ശഹാദത്ത് ലഭിക്കുമെന്നാണ് തോന്നുന്നത്. നബി(സ) തിരുമേനി പറഞ്ഞു; ഇല്ല, മറിച്ച് നിങ്ങളുടെ മകൻ അയാളെ വധിക്കുന്നതാണ്. ഹദ്റത്ത് സുബൈർ യാസിറിനെ നേരിടുകയും സുബൈറിന്റെ കയ്യാൽ അയാൾ വധിക്കപ്പെടുകയും ചെയ്തു. മക്കയിലെ കാഫിറുകൾക്കു നൽകുന്നതിനു വേണ്ടി ഹദ്റത്ത് ഹാതിബുബ്നു ബൽത്തഅത്തയുടെ എഴുത്തുമായി പോകുകയായിരുന്ന വൃദ്ധയെക്കുറിച്ചറിയുവാൻ വേണ്ടി നബി(സ)തിരുമേനി അയച്ച മൂന്നു പേരിൽ ഹദ്റത്ത് സുബൈറും ഉൾപ്പെട്ടിരുന്നു.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) ഹദ്റത്ത് സുബൈറിന്റെ സംഭവം വിവരിച്ചുകൊണ്ട് ഇപ്രകാരം പറയുന്നു; മക്കാവിജയ സമയത്ത് നബി(സ)തിരുമേനി ഹുബ്ൽ എന്നു പേരായ വിഗ്രഹത്തിനുമേൽ വടികൊണ്ട് അടിച്ചപ്പോൾ അത് തൽസ്ഥാനത്തു നിന്നും തെന്നി വീണ് ഉടഞ്ഞുപോയി. അപ്പോൾ ഹദ്റത്ത് സുബൈർ പുഞ്ചിരിച്ചുകൊണ്ട് അബൂസുഫിയാനെ നോക്കിക്കൊണ്ടു പറഞ്ഞു; അബൂസുഫിയാൻ താങ്കൾക്കോർമ്മയുണ്ടോ ഉഹദിന്റെ ദിവസം മുസ്‌ലിംകൾ മാരകമായി പരിക്കേറ്റ് ഒരു വശത്തേക്കു മാറിനിൽക്കുകയായിരുന്നപ്പോൾ നിങ്ങൾ ഗർവ്വ് കാണിച്ചുകൊണ്ട് ഉഅ്ലു ഹുബ്ൽ എന്ന് വിളിച്ചുപറയുന്നുണ്ടായിരുന്നു. അതായത് ഹുബ്ൽ വിഗ്രഹത്തിന്റെ മഹത്വം ഉയരട്ടെ എന്ന്. അബൂസുഫിയാൻ പറഞ്ഞു; സുബൈർ, അക്കാ

ര്യങ്ങളെല്ലാം ഇപ്പോൾ വിട്ടുകളയുക. ഇന്ന് നമുക്ക് നല്ല പോലെ അറിയാം, നബി(സ)തിരുമേനിയുടെ ദൈവമല്ലാതെ മറ്റേതെങ്കിലും ദൈവമുണ്ടായിരുന്നെങ്കിൽ ഇന്നു നാം കാണുന്ന സംഭവം ഒരിക്കലും ഉണ്ടാകുമായിരുന്നില്ല. നബി(സ)തിരുമേനിയുടെ ദൈവമാണ് യഥാർത്ഥ ദൈവം.

സിറയയെ വിജയിച്ച ശേഷം ഹദ്റത്ത് അംറുബ്നു ആസിന്റെ നേതൃത്വത്തിൽ ഈജിപ്തിനു നേരെപടയോട്ടമുണ്ടായി. മുസ്‌ലിംകൾ ഫുസ്ത്വാത്ത് നഗരം ഉപരോധിച്ചു. കോട്ടയുടെ ബലവും സൈന്യത്തിന്റെ അപര്യാപ്തതയും കണ്ടുകൊണ്ട് ഹദ്റത്ത് അംറുബ്നു ആസ് ഹദ്റത്ത് ഉമർ(റ)ന്റെയടുക്കൽ സഹായസേനയെ അയക്കുവാൻ അഭ്യർത്ഥിച്ചു. ഹദ്റത്ത് ഉമർ(റ) പതിനായിരം സൈനികരെയും നാല് ഓഫീസർമാരെയും അയച്ചു. എന്നിട്ട് പറഞ്ഞു അതിലെ ഓരോ ഓഫീസറും ആയിരം ആളുകൾക്ക് തുല്യമാണ്. അക്കൂട്ടത്തിൽ ഒന്ന് ഹദ്റത്ത് സുബൈർ(റ)ആയിരുന്നു. ഹദ്റത്ത് അംറുബ്നു ആസ്, ഉപരോധത്തിനു വേണ്ട സംവിധാനമൊരുക്കുന്ന ചുമതല അദ്ദേഹത്തിനു നൽകി. ഏഴു മാസത്തോളം ഉപരോധം തുടർന്നു. ഒരു ദിവസം ഹദ്റത്ത് സുബൈർ ഇന്നു ഞാൻ മുസ്‌ലിംകൾക്കുവേണ്ടി ബലിയാകുന്നുവെന്നു പറഞ്ഞുകൊണ്ട് വാളൂരി. കോണിവച്ച് ചുറ്റുമതിലിൽ കയറി. മറ്റു ചില സ്വഹാബികളും അദ്ദേഹത്തോടൊപ്പം ചേർന്നു. ചുറ്റുമതിലിനു മുകളിൽ കയറിയതിനു ശേഷം എല്ലാവരും ഒന്നിച്ച് തക്ബീർ വിളി മുഴക്കി. കോട്ട നടുങ്ങി. മുസ്‌ലിംകൾ കോട്ടയ്ക്കുള്ളിൽ പ്രവേശിച്ചിരിക്കുന്നുവെന്ന് ക്രിസ്ത്യാനികൾ ധരിച്ചു. അവർ സ്വബോധം മറന്ന് ഓടാൻ തുടങ്ങി. ഹദ്റത്ത് സുബൈർ കോട്ടമതിൽ കടന്ന് കോട്ട വാതിൽ തുറന്നു. മുഴുവൻ സൈന്യവും അകത്തു പ്രവേശിച്ചു.

ഹുസൂർ പറഞ്ഞു: ഹദ്റത്ത് സുബൈറിനെക്കുറിച്ചുള്ള ബാക്കി വിവരണങ്ങൾ ഇൻശാ അല്ലാഹ് പിന്നീട് നടത്തുന്നതാണ്.

ഖുത്ബയുടെ അവസാനത്തിൽ ഹുസൂർ തിരുമനസ്സ് ബഹുമാന്യ മിഅ്റാജ് അഹ്മദ് സാഹിബ് ശഹീദ് ഇബ്നു മഹ്മൂദ് അഹ്മദ് സാഹിബ് ഓഫ് ഡോഗ്രീ ഗാർഡൻ ജില്ലാ പെശാവറിനെ സ്മരിക്കുകയുണ്ടായി. അഹ് മദിയ്യത്തിന്റെ എതിരാളികൾ അദ്ദേഹത്തെ ആഗസ്റ്റ് 12ന് വെടിവച്ചു ശഹീദാക്കുകയാണുണ്ടായത്. *ഇന്നാ ലില്ലാഹി വഇന്നാ ഇലൈഹി റാജിഊൻ.* പാക്കിസ്ഥാനിൽ ഇപ്പോൾ ശത്രുത വീണ്ടും കഠിനമാക്കിയിരിക്കുകയാണ് അല്ലാഹു ഈ ദ്രോഹികളുടെ ദ്രോഹ പ്രവർത്തനങ്ങൾ അവരിലേക്കുതന്നെ തിരിച്ചുവിടട്ടെ. ഈ ദിനങ്ങളിൽ നാം വളരെയധികം ദുആ ചെയ്യേണ്ടതാണ്.

*റബ്ബി കുല്ലു ശൈഇൻ ഖാദിമുക്ക റബ്ബി ഫഹ്ഫള്നീ വൻസുർനീ വർഹംനീ. അല്ലാഹുമ്മ ഇന്നാ നജ്അലുക്ക ഫീ നുഹൂരിഹിം വ നഊദുബിക്ക മിൻ ശുറൂരിഹിം.* ഈ ദുആകൾ വളരെയധികം ചൊല്ലിക്കൊണ്ടിരിക്കുക.അധികമായി സ്വലാത്തു ചൊല്ലുക. അല്ലാഹു എല്ലാ അഹ്മദികളെയും ഈ ദ്രോഹികളുടെ ദ്രോഹങ്ങളിൽ നിന്നും സംരക്ഷിക്കുമാറാകട്ടെ. ശത്രുത വർദ്ധിക്കുന്നതിനനുസരിച്ച് നാം കൂടുതലായി അല്ലാഹുവിലേക്ക് കുനിയുകയാണ് ചെയ്യേണ്ടത്.

അതിനു ശേഷം ഹുസൂർ, പ്രിയങ്കരനായ അദീബ് അഹ്മദ് നാസിർ മുറബ്ബി സിൽസിലയെയും ബഹുമാന്യ ഹമീദ് അഹ്മദ് ശെയ്ഖ് സാഹിബിനെയും സ്മരിച്ചുകൊണ്ട് അവരുടെ മഗ്ഫിറത്തിനു വേണ്ടി ദുആ ചെയ്തു. ജുമുആ നമസ്കാരത്തിനു ശേഷം അവരുടെ ജനാസ ഗാഇബ് നമസ്കരിക്കുന്നതാണെന്ന് വിളംബരപ്പെടുത്തുകയും ചെയ്തു.

اَلْحَمْدُ لِلّٰہِ نَحْمَدُہٗ وَ نَسْتَعِیْنُہٗ وَ نَسْتَغْفِرُہٗ وَنُؤْمِنُ بِہٖ وَ نَتَوَکَّلُ عَلَیْہِ وَنَعُوْذُ بِاللّٰہِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَیِّئَاتِ اَعْمَالِنَا مَنْ یَّھْدِہِ اللّٰہُ فَلَا مُضِلَّ لَہٗ وَمَنْ یُّضْلِلْہُ فَلَا ھَادِیَ لَہٗ ۔ وَنَشْھَدُ اَنْ لَّا اِلٰہَ اِلَّا اللّٰہُ وَنَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَرَسُوْلُہٗ ۔عِبَادَاللّٰہِ رَحِمَکُمُ اللّٰہُ اِنَّ اللّٰہَ یَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِیْتَاءِ ذِی الْقُرْبٰی وَ یَنْھٰی عَنِ الْفَحْشَاءِ وَ الْمُنْکَرِ وَ الْبَغْیِ یَعِظُکُمْ لَعَلَّکُمْ تَذَکَّرُوْنَ اُذْکُرُوا اللّٰہَ یَذْکُرْکُمْ وَ ادْعُوْہُ یَسْتَجِبْ لَکُمْ وَلَذِکْرُ اللّٰہِ اَکْبَرُ۔

Friday Sermon delivered by **Hadrat Khalifatul Masih Al-khamis** (atba)
at Mubarak Mosque, Islamabad, UK – on 21.08.2020
Malayalam Translation: **Moulavi K. Najmuddin Muriyakkanni** For Malayalam Desk, Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516